പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 50 28.06.2016 ലെ മറുപടിക്ക്.

***വിമാന യാത്രാക്കൂലി***

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുള്ള | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) വിമാന കമ്പനികൾ യാത്രക്കാരെ യാത്രാക്കൂലിയിനത്തിൽ അമിതമായി ചൂഷണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഗൾഫ് സെക്ടറിലെ വിമാന ക്കമ്പനികൾ തിരക്കുള്ള സമയത്ത് യാത്രാക്കൂലിയിനത്തിൽ അധിക ചാർജ്ജ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ചിലപ്പോൾ അഞ്ചും ആറും ഇരട്ടി യാത്രാക്കൂലി ഈ വിധം വിമാനക്കമ്പനികൾ യാത്രക്കാരിൽ നിന്നും ഈടാക്കുന്ന കാര്യം പരിശോധിക്കാമോ ;<br>(സി) ഇതുമൂലം ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്ന മലയാളികൾ അടക്കമുള്ള ഒട്ടേറെ പേർ അനുഭവിക്കുന്ന കടുത്ത സാമ്പത്തിക പ്രയാസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br>(ഡി) എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും (ഡി) യും | വിമാനയാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന വിഷയമായതിനാൽ തിരക്കുള്ള സമയത്ത് യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് വിമാനക്കമ്പനികൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാ ക്കാനുള്ള നടപടികൾ സ്വീകരി ക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാന യാത്രാക്കൂലി നിശ്ചയിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് പങ്കില്ലയെന്നും, 1937 ലെ എയർക്രാഫ്റ്റ് റൂൾ പ്രകാരം വിമാന സർവ്വീസ് നടത്തിപ്പ് ചെലവ്, സർവ്വീസിന്റെ പ്രത്യേകത, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നീ കാര്യങ്ങൾ പരിഗണിച്ച് യാത്രാക്കൂലി നിശ്ചയി ക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നും കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ അറിയിച്ചിട്ടുണ്ട്. |

Sheijith

സെക്ഷൻ ഓഫീസർ.